(ഡി) ഉണ്ട്. ഇതുവരെ പട്ടികവർഗ്ഗ വികസന വകുപ്പ് വഴി 3117 വീടുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി 14133 വീടുകൾക്കും ധനസഹായം നൽകിയിട്ടുണ്ട്.

(ഇ) ആവിഷ്ക്കരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങൾ വൈദ്യുതീകരിക്കുന്നതിനും പട്ടികവർഗ്ഗക്കാരുടെ വീടുകൾ വയറിംഗ് നടത്തുന്നതിനും ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. സങ്കേതങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ്, ഗ്രാമവികസനവകുപ്പ്, പട്ടികവർഗ്ഗ വികസനവകുപ്പ്, ത്രിതല പഞ്ചായത്തുകൾ തുടങ്ങിയ ഏജൻസികൾ വഴി പദ്ധതികൾ നടപ്പാക്കി വരുന്നു.

(എഫ്) ആദിവാസികളുടെ ഉന്നമനം ലക്ഷ്യമാക്കി ധാരാളം പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്†.

**ജപ്പാൻ സഹായത്തോടുകൂടിയുള്ള ശുദ്ധജലവിതരണ പദ്ധതികൾ**

24 (*54) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ ഗവൺമെന്റ് സഹായത്തോടുകൂടി സംസ്ഥാനത്ത് ഏതെല്ലാം ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് അനുമതി ലഭിച്ചത് ; പ്രസ്തുത പദ്ധതികളുടെ ആകെ ചെലവെത്ര ;

(ബി) ഇതു സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്നാണ് കരാർ ഒപ്പുവച്ചത് ;

(ഡി) ഈ പദ്ധതിയുടെ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) ഈ പദ്ധതി എന്ന് തുടങ്ങി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(എഫ്) ഇത് ഇനി എന്ന് പൂർത്തിയാക്കാനാകും; എന്ന് ഇതിന്റെ പണി ആരംഭിക്കും ;

(ജി) കാലതാമസം ഉണ്ടായതുവഴി എന്തു തുക അധികമായി ചെലവഴിക്കേണ്ടിവരും ;

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

† അനുബന്ധം VI 'എ'

LIBRARY ARCHIVES Kerala Legislative Assembly

(എ) ജെ.പി.ഐ.സി. (മുൻ ഒ.ഇ.സി.എഫ്)മായി കേന്ദ്രസർക്കാർ ഉണ്ടാക്കിയ വായ്പാ കരാറിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന 5 പദ്ധതികൾ കേരള വാട്ടർ സപ്ലൈ പ്രോജക്ട് എന്ന പേരിൽ നടപ്പാക്കാൻ അനുമതി ലഭിച്ചു.

1. തിരുവനന്തപുരം നഗരവും പ്രാന്തപ്രദേശവും
2. മീനാടും സമീപ ഗ്രാമങ്ങളും
3. ചേർത്തലയും സമീപ ഗ്രാമങ്ങളും
4. കോഴിക്കോട് നഗരവും പ്രാന്തപ്രദേശവും
5. പട്ടുവവും സമീപ ഗ്രാമങ്ങളും പദ്ധതികളുടെ മൊത്തം ചെലവ് 1787.45 കോടി രൂപയാണ്.

(ബി) പദ്ധതികളുടെ ഭൂമിയെറ്റെടുക്കാൻ ജോലികൾ പൂർത്തിയായി വരുന്നു. ഇതിന് 20.35 കോടി രൂപയോളം ഇതുവരെ ചെലവായിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിന് കരാർ പ്രകാരം കൺസൾട്ടന്റിനെ നിയമിക്കേണ്ടതുണ്ട്. ഇതിനായി തയ്യാറാക്കിയ ഷോർട്ട്ലിസ്റ്റിൽ ഉൾപ്പെട്ട കമ്പനികളിൽ നിന്നും ഓഫറുകൾ ക്ഷണിച്ചപ്പോൾ ലഭിച്ച 4 ഓഫറുകളുടെ ടെക്നിക്കൽ ബിഡുകളുടെ മൂല്യനിർണ്ണയം പൂർത്തിയാക്കി കമ്പനികളുടെ റാങ്കിംഗിന് സർക്കാർ അംഗീകാരവും ജെ.ബി.ഐ.സി.യുടെ അംഗീകാരവും കിട്ടി. കരാറനുസരിച്ചും ജെ.ബി.ഐ.സി.യുടെ നിർദ്ദേശമനുസരിച്ചും ടെക്നിക്കൽ ബിഡുകളുടെ മൂല്യനിർണ്ണയത്തിൽ ഒന്നാംസ്ഥാനം നേടിയ കമ്പനിയുടെ ഫൈനാൻഷ്യൽ ബിഡുകൾ തുറന്ന് അവരുമായി കോൺട്രാക്ട് നെഗോഷിയേഷൻ ആരംഭിക്കുകയും ചെയ്തു. ഈ സന്ദർഭത്തിൽ മാധ്യമങ്ങളും രാഷ്ട്രീയ നേതാക്കളും മറ്റുള്ളവരും പി.സി.ഐ. എന്ന കമ്പനിയെ ഹ്രസ്വലിസ്റ്റിൽ ഉൾപ്പെടുത്തിയതിനെ കുറിച്ച് വിമർശനങ്ങളും സംശയങ്ങളും ഉന്നയിക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം പുനഃപരിശോധിക്കുകയും പുതിയതായി ആഗോള ടെൻഡർ വിളിച്ച് കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതായിരിക്കും ശരിയായ നടപടിയെന്ന് തീരുമാനിക്കുകയും ചെയ്തു. ഈ തീരുമാനം ജെ.ബി.ഐ.സി. യുടെ അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ സാമ്പത്തിക കാര്യവകുപ്പി നെ അറിയിച്ചിട്ടുണ്ട്. അവരുടെ അന്തിമ മറുപടി പ്രതീക്ഷിക്കുന്നു. നിലവിലുള്ള ഹ്രസ്വലിസ്റ്റ് റദ്ദാക്കി കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനായി പുതിയ ഗ്ലോബൽ ടെൻഡർ വിളിക്കണമെന്നു കൂടി അഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു റിട്ട് അപ്പീൽ ഇപ്പോൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലുമാണ്.

(സി) 25-2-1997-ൽ

(ഡി) കരാർ പ്രകാരം പദ്ധതിക്ക് കൺസൾട്ടന്റിനെ നിയമിക്കേണ്ടതുണ്ട്. കൺസൾട്ടന്റിന്റെ നിയമനം പൂർത്തീകരിക്കാത്തതിനാലാണ് പദ്ധതിയുടെ പ്രവർത്തനം ഇതുവരെ ആരംഭിക്കാത്തത്.

(ഇ) 1997 ഒക്ടോബർ മാസത്തോടെ കൺസൾട്ടന്റിന്റെ നിയമനം നടത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനും 2003 ഡിസംബർ മാസത്തോടെ പദ്ധതി പൂർത്തിയാക്കാനുമാണ് കരാർപ്രകാരം ലക്ഷ്യമിട്ടിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കൺസൾട്ടന്റിന്റെ നിയമനം നടന്നതിനു ശേഷമേ പദ്ധതി എന്ന് ആരംഭിക്കുമെന്നും എന്ന് പൂർത്തിയാക്കാനാകുമെന്നുമുള്ളത് നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ.

(ജി) കൺസൾട്ടന്റിന്റെ നിയമനം നടക്കാത്തതിനാൽ കാലതാമസമുണ്ടായത് വഴി അധികമായി ചെലവഴിക്കേണ്ടിവരുന്ന തുക കണക്കാക്കാൻ ഇപ്പോൾ കഴിയുകയില്ല.

## ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

25 (*55) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. കെ. മണി :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി പ്രകാരം വാട്ടർ അതോറിറ്റി എത്ര ജലവിതരണ പദ്ധതികളുടെ പണി ആരംഭിച്ചിട്ടുണ്ട് ;

(ബി) ഈ പദ്ധതിയുടെ നിർമ്മാണത്തിനായി എന്തു തുക കേന്ദ്രഗ്രാന്റായി ലഭിക്കും ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം ഈ പദ്ധതി പ്രകാരം എന്തു തുക ലഭിച്ചു ; അതിൽ എന്തു തുക ചെലവഴിച്ചു ;

(ഡി) ഈ വർഷം ഈയിനത്തിൽ എന്തെങ്കിലും തുക ലഭിച്ചോ ; ലഭിച്ചില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ ;

(ഇ) ഈയിനത്തിൽ കേന്ദ്രത്തിൽ നിന്ന് ലഭിച്ച തുക വകമാറ്റി ചെലവ് ചെയ്തിട്ടുണ്ടോ ;

(എഫ്) എങ്കിൽ എന്തുതുക ഇപ്രകാരം ചെലവഴിച്ചു ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഇതുവരെ 515 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 367 പദ്ധതികൾ ആരംഭിച്ച് പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ട്. 128 പദ്ധതികൾ ആരംഭിച്ചു. പണികൾ വിവിധ ഘട്ടത്തിലാണ്.

(ബി) 100 ശതമാനവും കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റായി ലഭിക്കും.

(സി) 1999-2000-ാം ആണ്ടിൽ ത്വരിതഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളുടെ നടത്തിപ്പിലേക്കായി കേന്ദ്ര സർക്കാരിൽ നിന്നും 3456.30 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. മുൻ വർഷത്തെ നീക്കിയിരിപ്പായി 2234.74 ലക്ഷം രൂപയും ഉണ്ടായിരുന്നു. ഇങ്ങിനെ ആകെ ഉണ്ടായിരുന്ന 5691.04 ലക്ഷം രൂപയിൽ നിന്നും 1999-2000-ൽ 4227.56 ലക്ഷം രൂപ ചെലവഴിച്ചു.



LIBRARY ARCHIVES Kerala Legislative Assembly